പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1071 | 06-06-2018 ലെ മറുപടി

## ജലസംരക്ഷണ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി.അനിൽ കുമാർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികളിലൂടെ ലഭ്യമാകുന്ന മഴവെള്ളം പരമാവധി ഭൂമിക്കടിയിൽ സംഭരിച്ച് ജലസ്രോതസ്സുകൾ സ്ഥായിയായി നിലനിർത്തുക എന്നതാണ്. ഇക്കാര്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സമഗ്ര നീർത്തട പദ്ധതികൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക സമിതികൾക്കും രൂപം കൊടുത്തിട്ടുണ്ട്. ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടം എന്നതു കൊണ്ടു തന്നെ, ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തുന്ന ഇടപെടൽ പ്രവർത്തനങ്ങൾ ശുദ്ധജലലഭ്യത വർദ്ധിപ്പിക്കാൻ സഹായകരമാണ്. ജലമലിനീകരണം നടത്തുന്നവർക്കെതിരെയുള്ള നിയമ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ഹരിത കേരളം മിഷന്റെ ഭാഗമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ ശുദ്ധീകരണവും നവീകരണവും ഏറ്റെടുക്കുന്നതോടൊപ്പം ഇവയുടെ ആവാഹ പ്രദേശ പരിപാലനത്തിലൂടെ ജലസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന അഞ്ച് ജില്ലകളിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തി സമിതിയുടെ ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ ഏറ്റവും വരൾച്ച ബാധിത പ്രദേശമായ കൊഴിഞ്ഞാമ്പാറ മേഖലയിലെ പ്രധാന ജലസ്രോതസ്സുകളായ കോരയാർപ്പുഴയിലെ 16 ചെക്ക ഡാമുകളിൽ ജലം സംഭരിച്ച് ആ പ്രദേശത്തിലെ ഭൂഗർഭ ജലവിതാനം ഉയർത്തുവാനും കുടിവെള്ള പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാനും സഹായകരമായി കൊഴിഞ്ഞാമ്പാറ ചിറ്റൂർ മേഖലയിലെ കുടിവെള്ള വിതരണത്തിനായി കുന്നംകാട്ടുപതി, ആര്യാമ്പള്ളം, പുഴപ്പാലം, പാലത്തുള്ളി, കൊട്ടുമ്പ് എന്നീ ചെക്ക ഡാമുകളിൽ ജലം സംഭരിച്ചും മുതലമട, കൊല്ലങ്കോട്, വടവന്നൂർ, എലവഞ്ചേരി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിനായി മീങ്കര സംഭരണിയിൽ ജൂൺ 30 വരെയുള്ള ജലലഭ്യത ഉറപ്പുവരുത്തി. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയ്ക്കു കീഴിൽ മലിനമായ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും ജലസംരക്ഷണത്തിനും ഊന്നൽ നൽകി നീർത്തട അടിസ്ഥാനത്തിൽ ഹരിതകേരളം പദ്ധതിയിലൂടെ പ്രവർത്തികൾ ആവിഷ്കരിച്ച് ശുദ്ധജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മലമ്പുഴ അണക്കെട്ടിൽ നിന്നും സമീപത്തുള്ള 6 പഞ്ചായത്തുകളിലേയ്ക്ക് വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കൂടാതെ വരൾച്ച നിവാരണത്തിനായി ഭാരതപ്പുഴയിലേയ്ക്ക് കുടിവെള്ളം പമ്പു ചെയ്യുന്ന പദ്ധതികൾക്കായി ജലം തുറന്നു വിടുന്നുണ്ട്. ഈ വർഷം വരൾച്ച നിവാരണത്തിനായി 10 മില്ല്യൺ ക്യൂബിക് മീറ്റർ ജലം കരുതൽ ശേഖരമായി മാറ്റി വച്ചിട്ടുണ്ട്.<br>പോത്തുണ്ടി അണക്കെട്ടിൽ നിന്നും സമീപത്തുള്ള മൂന്നു പഞ്ചായത്തുകളിലേയ്ക്ക് വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ഈ വർഷം വരൾച്ചാ നിവാരണത്തിനായി അണക്കെട്ടിൽ 1.5 മില്ല്യൺ ക്യൂബിക് മീറ്റർ ജലം കരുതി വച്ചിട്ടുണ്ട്. മംഗലം അണക്കെട്ടിൽ വരൾച്ച നിവാരണത്തിനായി 1.00 മില്ല്യൺ ക്യൂബിക് മീറ്റർ ജലം മാറ്റി വച്ചിട്ടുണ്ട്. വരൾച്ചാ നിവാരണത്തിനായി മാറ്റി വച്ചിരിക്കുന്ന ജലം വളരെ സൂക്ഷ്മമായി ഉപയോഗിച്ചാൽ വരൾച്ച ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും.<br>മഴക്കാലത്ത് ലഭിക്കുന്ന ജലം അണക്കെട്ടുകളിൽ പരമാവധി സംഭരിക്കുകയും വേനൽക്കാലത്ത് ഈ ജലം |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായി ദുർവിനിയോഗമില്ലാതെ കൃഷിയ്ക്കും കുടിവെള്ളത്തിനുമായി കനാലുകൾ, പുഴകൾ മുതലായവയിൽക്കൂടി വിതരണം ചെയ്യുന്നു. ജലം ദുർ വിനിയോഗം ചെയ്യുന്നത് തടയുന്നതിനും സംഭരണികൾ മാലിന്യവിമുക്തമാക്കുന്നതിനുമായി ജനങ്ങളെ ബോധവൽക്കരിക്കുകയും ബോർഡുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.<br><br>ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള 33 ഓളം പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ വകുപ്പിൽ പുരോഗമിച്ചു വരുന്നു. തുറന്ന കിണർ, ബോർവെൽ റീചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂജലവകുപ്പിന് 2017-18 സാമ്പത്തിക വർഷം കൃത്രിമഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും കുഴൽക്കിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിയ പരിസ്ഥിതി നിരീക്ഷണ കർമ്മപരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂക്ഷമായി മലിനീകരിക്കപ്പെട്ട പതിനൊന്ന് പുഴകളും (പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം, കല്ലട, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ, ചാലക്കുടി) മൂന്ന് കായലുകളും (ശാസ്താംകോട്ട, |

| | | | |
|---|---|---|---|
| | | | അഷ്ടമുടി, വേമ്പനാട്) തെരഞ്ഞെടുക്കുകയും ഈ പുഴകളും കായലുകളും വൃത്തിയാക്കുവാനും തുടർ മലിനീകരണം തടയുവാനുമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുവാനുമായിട്ടുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി കൺസൾട്ടൻസി സർവ്വീസ് ഏർപ്പെടുത്തുവാനുമുള്ള ദർഘാസ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പമ്പാ നദിയിൽ ശബരിമല തീർത്ഥാടന കാലത്തെ ശുദ്ധജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ജലസേചന വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) | ജലസേചന വകുപ്പിന്റെ പുനസംഘാടനവുമായി ബന്ധപ്പെട്ട പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല സംരക്ഷണത്തിന് മുൻതൂക്കം നൽകുന്നതിനുമുള്ള എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്? | (സി) | നിലവിലുള്ള ജലസേചന പദ്ധതികളുടെ കനാലുകൾ വഴിയുള്ള ജലസേചനം കാര്യക്ഷമമാക്കുന്നതിനും മഴക്കാലത്ത് ലഭിക്കുന്ന ജലം കനാലുകളോട് ചേർന്നുള്ള കുളങ്ങളിൽ എത്തിച്ച് സംഭരിക്കുന്നതിനുമുള്ള പരിപാടികൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ, കനാലുകളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിന് ട്രാൻസെക്ട് വാക്ക് നടത്തി, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നീർത്തട പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കനാലുകളിലെ ജലനഷ്ടം കുറയ്ക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.<br>ജലസംരക്ഷണത്തിന് മുന്നോടിയായി കനാൽ, കനാൽ സ്ലൂയിസ്, ഷട്ടറുകൾ എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തി ജലവിതരണം സുഗമമാക്കിയിട്ടുണ്ട്. കനാലിലെ ചോർച്ച തടയുന്നതിനും മഴക്കെടുതിയിൽ ഇടിഞ്ഞുപോയ കനാൽഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂരിന്റെ കീഴിൽ പുഴകളിൽ ചിറകൾ നിർമ്മിച്ചും (തൃശ്ശൂർ ജില്ല) ബണ്ടുകൾ നിർമ്മിച്ചും ജലം ശേഖരിച്ച് നിർത്തി കുടിവെള്ള ആവശ്യത്തിനും കിണർ, കുളം എന്നിവ റീചാർജ്ജ് ചെയ്യുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നു. ലോകബാങ്ക് സഹായത്തോടെ DRIP (Dam Rehabilitation and |

| | | | |
|---|---|---|---|
| | | | Improvement Project) പദ്ധതിയിൽ ഡാമുകളുടെ സുരക്ഷ വർദ്ധിപ്പിക്കൽ, അറ്റകുറ്റപ്പണികൾ, ബലപ്പെടുത്തൽ എന്നിവ നടത്തി വരുന്നു. കൃഷി വകുപ്പുമായി ചേർന്ന് കൃഷിയുടെ ആവശ്യാനുസരണ-മാണ് ജലവിതരണം നടത്തുന്നത്.<br>കാഡാ ഫീൽഡ് ചാനലുകളുടെ നവീകരണത്തി-നായുള്ള പ്രവൃത്തികളും എല്ലാ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസരിച്ച് കനാൽ പുനരുദ്ധാരണ പ്രവൃത്തികളും നടത്താറുണ്ട്. കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഒരു പുതിയ സോഫ്റ്റ് വെയർ കൊണ്ട് കനാൽ മോഡലിംഗ് നടത്താനുള്ള നടപടികൾ ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**